പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3286 — 19.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ ബാങ്കുകളുടെ കൺസോർഷ്യം, വായ്പ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചു; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 3100 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.<br><br>എസ്.ബി.ഐ. - 1000 കോടി രൂപ<br>കാനറ ബാങ്ക് - 500 കോടി രൂപ<br>വിജയ ബാങ്ക് - 500 കോടി രൂപ<br>ലക്ഷ്മി വിലാസ് ബാങ്ക് - 150 കോടി രൂപ<br>കെ.റ്റി.ഡി.എഫ്.സി - 950 കോടി രൂപ |
| (ബി) | ബാങ്ക് കൺസോർഷ്യം നൽകിയ തുക ദീർഘകാല വായ്പയിലേക്ക് മാറിയതിനോടൊപ്പം വരുമാനം വർദ്ധിപ്പിയ്ക്കുവാനും ചെലവ് ചുരുക്കിയും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കെ.എസ്.ആർ.ടി.സിക്ക് കരകയറുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ. | (ബി) | കെ.എസ്.ആർ.ടി.സി.യിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ കോർപ്പറേഷൻ നിലവിൽ എടുത്തിട്ടുണ്ടായിരുന്ന കൂടിയ പലിശ നിരക്കിലും ദൈർഘ്യം കുറഞ്ഞ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പകളെ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പകളാക്കി മാറ്റുവാൻ തീരുമാനിച്ചതിൻ പ്രകാരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും |

| | | | |
|---|---|---|---|
| | | | അതുകൊണ്ട് നിലവിലുണ്ടായിരുന്ന കടങ്ങൾ തീർക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവ് ഇനത്തിൽ 2 കോടിയോളം രൂപ പ്രതിദിനം കുറവ് വന്നിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന തുകയും സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായവും കൊണ്ട് പ്രതിമാസ ശമ്പളം കൃത്യമായി വിതരണം ചെയ്യുവാൻ സാധിക്കുന്നുണ്ട്. വരുമാനം വർദ്ധിപ്പിക്കുവാനും ചെലവ് ചുരുക്കുവാനും നിരവധി നടപടികൾ സ്വീകരിക്കുകയും ആയത് ഫലപ്രദമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനിയന്ത്രിതമായി ഇടയ്ക്കിടെ ഉണ്ടാകുന്ന ഡീസൽ വില വർദ്ധനവ് മൂലം സാമ്പത്തിക പ്രതിസന്ധി ഇപ്പോഴും രൂക്ഷമായി തന്നെ തുടരുകയാണ്. |
| (സി) | വരുമാനം കുറഞ്ഞ സർവ്വീസുകൾ നിർത്തലാക്കുവാനുള്ള തീരുമാനം വരുമാന വർദ്ധനയ്ക്ക് ഇടയാക്കിയിട്ടുണ്ടോ; | (സി) | വരുമാനം കുറഞ്ഞ സർവ്വീസുകൾ പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. എന്നാൽ വരുമാന ലഭ്യതയ്ക്കായി ചില സർവ്വീസുകൾ റൂട്ടും സമയവും യാത്രാ ക്ലേശം ഉണ്ടാകാത്ത തരത്തിൽ പുനഃക്രമീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. |
| (ഡി) | മേയ് മാസം വായ്പ തിരിച്ചടവിൽ എത്ര കുറവാണ് പരിഷ്കരണം മൂലം ഉണ്ടായത് എന്ന് വ്യക്തമാക്കാമോ? | (ഡി) | 60 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ